**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 4770 | 29.06.2012 ൽ മറുപടിയ്ക്ക്

**<u>വിശപ്പുരഹിതനഗരം പദ്ധതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി** | **ഡോ. എം.കെ. മുനീർ** |
| **,, വി.റ്റി. ബൽറാം** | **(പഞ്ചായത്തും സാമൂഹ്യക്ഷേമവും** |
| **,, വി.പി. സജീന്ദ്രൻ** | **വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | 'വിശപ്പുരഹിതനഗരം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) | നഗരങ്ങളിൽ എത്തിച്ചേരുന്ന ഓരോ വ്യക്തിയും ഒരു ദിവസം ഒരു നേരമെങ്കിലും ഭക്ഷണം കഴിക്കണം എന്ന ലക്ഷ്യത്തോടുകൂടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് വിശപ്പുരഹിത നഗരം പദ്ധതി. അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിൽ എത്തുന്നവരിൽ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഒരു നേരത്തെ ഭക്ഷണം പോലും കഴിക്കാതെ വിശന്നിരിക്കുന്നവർക്ക് സൗജന്യമായി ഉച്ച ഭക്ഷണം നൽകുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. |
| (ബി) | പ്രസ്തുത പദ്ധതി ഏതെല്ലാം നഗരങ്ങളിൽ നടപ്പാക്കിയിട്ടുണ്ട് ; | (ബി) | കോഴിക്കോട് നഗരത്തിൽ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ആരംഭിച്ച് പ്രതിദിനം 2000-ൽപരം ഗുണഭോക്താക്കൾക്ക് ഉച്ചഭക്ഷണം നൽകി വരുന്നു. |
| (സി) | കൂടുതൽ നഗരങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉദ്ദേശിക്കുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം തിരുവനന്തപുരം, കൊല്ലം, മലപ്പുറം എന്നീ നഗരങ്ങളിൽ കൂടി വിശപ്പുരഹിത നഗരം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | എങ്കിൽ എന്തെല്ലാം നടപടികളാണ് ആയതിലേക്കായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | വിശപ്പുരഹിത നഗരം പദ്ധതി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട നഗരസഭകളുടെ പങ്കാളിത്തം ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം, കൊല്ലം, മലപ്പുറം എന്നീ നഗരസഭ അധികൃതരുമായി ചർച്ച നടത്തിക്കഴിഞ്ഞു. ഭക്ഷണ വിതരണം നടത്തുന്നതിനുള്ള കരാറുകാരെ/ ഏജൻസികളെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. |

R. Vijay (signature)

സെക്ഷൻ ഓഫീസർ